Nidas

NISH Online Interactive Disability Awareness Seminar- 38

Frequently Asked Questions (FAQ)

**പക്ഷാഘാതം: അപകടസൂചനകളും പുനരധിവാസപരിശീലനങ്ങളും**

**16 മാർച്ച് 2019**

1. എന്താണ് പക്ഷാഘാതം അഥവാ സ്ട്രോക്ക്? ഏത് പ്രായത്തിലും ഇത് ഉണ്ടാകാൻ സാധ്യതയുണ്ടോ?

മസ്തിഷ്കത്തിലെ നാഡീ ഞരമ്പുകളെ ബാധിക്കുന്ന ഒരു പ്രശ്നമാണ് പക്ഷാഘാതം അഥവാ സ്ട്രോക്ക്. ഇത് നാഡികളിൽ പെട്ടെന്നുള്ള മാറ്റങ്ങളുണ്ടാക്കുന്നതു വഴി രക്തം കട്ട പിടിക്കുകയോ നാഡിക്ക് പൊട്ടലുണ്ടാകുകയോ ചെയ്യുന്നു.

പക്ഷാഘാതം ഏതു പ്രായത്തിലും ലിംഗത്തിലും പെടുന്ന ആർക്കും വരാമെങ്കിലും കൂടുതലായി കാണപ്പെടുന്നത് മുതിർന്നവരിലാണ്.

2. സ്ട്രോക്ക് എത്ര സാധാരണമാണ്?

ഇൻഡ്യയിൽ വർഷത്തിൽ ഒരു ലക്ഷം പേരിൽ 105 മുതൽ 152 പേർക്കു വരെ സ്ട്രോക്ക് കാണപ്പെടുന്നു. (സുരേഷ് കുമാർ കമലകണ്ണൻ, 2017)

3. പക്ഷാഘാതം അഥവാ സ്ട്രോക്ക് ഉണ്ടായവരിൽ അഫേസ്യ ഉണ്ടാകാനുള്ള സാധ്യത എത്രയാണ്?

മസ്തിഷ്കത്തിന്റെ ഭാഷാ മേഖലകളെ പക്ഷാഘാതം അഥവാ സ്ട്രോക്ക് ബാധിക്കുകയാണെങ്കിൽ മാത്രമാണ് അഫേസ്യ ഉണ്ടാകുന്നത്.

4. ശാരീരിക വൈകല്യങ്ങളില്ലാത്ത ഒരു വ്യക്തിക്ക് അഫേസ്യയുണ്ടാകുമോ?

ഉണ്ടാകാം. എന്നാൽ അഫേസ്യയുള്ളവരിൽ കൂടുതൽ പേരിലും സ്ട്രോക്കിനോടൊപ്പം തന്നെ വലതു വശം തളരുകയോ മരവിക്കുകയോ ചെയ്യുന്നതായി കാണാം.

5. അഫേസ്യ ചികിത്സിച്ച് ഭേദമാക്കാൻ സാധ്യമാണോ?

ഇതു അഫേസ്യയുടെ ലക്ഷണങ്ങൾക്കും തീവ്രതയ്ക്കുമനുസരിച്ചിരിക്കും. എങ്കിലും വർഷങ്ങൾ കൊണ്ട് മെച്ചപ്പെടുന്ന കേസുകൾ ഉള്ളതായി കാണാം.

6. അഫേസ്യയുള്ളവർക്ക് ജോലിയിൽ തിരിച്ച് പ്രവേശിക്കാൻ സാധ്യമാണോ?

ചിലപ്പോൾ. ഭൂരിഭാഗം ജോലികൾക്കും സംസാര-ഭാഷാ ശേഷികൾ ആവശ്യമാണെന്നിരിക്കെ പലർക്കും ജോലിയിൽ തിരികെ പ്രവേശിക്കാൻ സാധ്യമാകുന്നില്ല.

7. അഫേസ്യ ഉണ്ടായാൽ അത് വ്യക്തിയുടെ ബുദ്ധിശക്തിയെ ബാധിക്കുമോ?

ഒരിക്കലുമില്ല. സാധാരണയായി അഫേസ്യയുള്ളവർക്ക് വാക്കുകൾ ഓർത്തെടുക്കാൻ ബുദ്ധിമുട്ടുണ്ടാകുന്നുവെങ്കിലും ബുദ്ധിശക്തിയെ ബാധിക്കുന്നില്ല. അവർക്ക് സംസാരത്തിലുള്ള ബുദ്ധിമുട്ടു കാണുമ്പോൾ മറ്റുള്ളവർ അതിനെ ബുദ്ധിപരമായ പ്രശ്നമായി കാണുന്നു.

8. അഫേസ്യയുള്ളവരുടെ പരിശീലനം, പരിപാലനം എന്നിവയിൽ ആരെല്ലാമാണ് ഉൾപ്പെടുന്നത്?

ന്യൂറോളജിസ്റ്റ്, സ്പീച്ച് ലാംഗ്വേജ് പതോളജിസ്റ്റ്, ഫിസിയോതെറാപ്പിസ്റ്റ്, ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സോഷ്യൽ വർക്കർ, ഓഡിയോളജിസ്റ്റ് മുതലായവർ അടങ്ങുന്ന ഒരു ടീമിന്റെ കൂട്ടായ പ്രവർത്തനം ആവശ്യമാണ്.

9. അഫേസ്യ കാരണമുണ്ടാകുന്ന പ്രശ്നങ്ങൾ എല്ലാപേരിലും ഒരു പോലെയാണോ?

ഒരിക്കലുമല്ല. അഫേസ്യ ഏതു തരമാണ് എന്നതിനനുസരിച്ചുള്ള വ്യത്യാസങ്ങൾ കാണാം.

10. പക്ഷാഘാതം കാരണം അഫേസ്യ ഉണ്ടാകുന്ന ഒരു വ്യക്തിക്ക് പുനരധിവാസ പരിശീലനം തുടങ്ങേണ്ടതെപ്പോഴാണ്?

ഒരു വർഷം ആകുന്നതിനു മുൻപ്പ്, അഥവാ 6 മാസം മുതൽ 8 മാസം വരെ ഉള്ള സമയത്ത് ചികിത്സ നൽകിയാൽ നല്ല രീതിയിലുള്ള മാറ്റം പ്രതീക്ഷിക്കാനാകുന്നതാണ്.

**കൂടുതൽ വിവരങ്ങൾക്ക്**


**ആര്യ എസ്. എസ്.** 04712944632

ഓഡിയോളജിസ്റ്റ്/സ്പീച്ച് പതോളജിസ്റ്റ്
ഡിപ്പാർട്ടമെന്റ് ഓഫ് ഓഡിയോളജി & സ്പീച്ച് ലാംഗ്വേജ് പതോളജി
നിഷ്, തിരുവനന്തപുരം

**മിസ്. രജിത എൽ** 04712944638

സോഷ്യൽ വർക്കർ
നിഷ്

**നിഡാസ് ടീം** 04712944675

നിഷ്